നെടുമങ്ങാട് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന്റെ കാലതാമസം

60 (657) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ അഞ്ചു വർഷത്തിലേറെയായി ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വർക്കിന്റെ അടങ്കൽ തുകയെത്രയാണ് ;

(സി) എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) കെട്ടിടം പണി പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്താണ് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 37,40,217 രൂപ

(സി) 30,59,673 രൂപ

(ഡി&ഇ) പഞ്ചായത്തിരാജ് നിയമം നിലവിൽ വന്നതോടെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ജില്ലാ പഞ്ചായത്തിൽ നിക്ഷിതമാണ്. ആയതിനാൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്താണ് സ്വീകരിക്കേണ്ടത്.

പാപ്പിനിശ്ശേരി-പഴയങ്ങാടി റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലം നിർമ്മിക്കാൻ നടപടി

61 (658) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ സ്റ്റേറ്റ് ഹൈവേയിൽപ്പെടുന്ന പാപ്പിനിശ്ശേരി, പഴയങ്ങാടി റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലം നിർമ്മിക്കാനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ ;

(ബി) ഈ നിർദ്ദേശങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly